# ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ്കേരള ലിമിറ്റഡ്

**CIN: U01119KL1962SGC001997** രജി. ഓഫീസ് – കോട്ടയം – 686 004

**Ref.No.SAL-F-700/** **05/12/2024**

## ഇ–ടെൻഡർ/ സീൽഡ് ടെണ്ടർ

പ്ലാന്റേഷൻ കോർപ്പറേഷന്റെ കൊടുമൺ എസ്റ്റേറ്റിലെ പഴയതും പുതിയതുമായ ഫാക്ടറികളിൽ സൂക്ഷിച്ചിരിക്കുന്നതും പട്ടിക പ്രകാരമുള്ളതുമായ ഉപയോഗശൂന്യമായ സാധന - സാമഗ്രികളുടെ വിൽപ്പനയ്ക്കായുള്ള ഇ-ടെണ്ടറുകളും സീൽഡ് ടെണ്ടറുകളും വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിക്കുന്നു. ഇ-ടെണ്ടറുകൾ കേരളാ സർക്കാർ വെബ് പോർട്ടലായ https://etenders.kerala.gov.in വഴിയും സീൽഡ് ടെണ്ടറുകൾ നേരിട്ടും 30/12/2024, 2:30 പി. എം വരെ സമർപ്പിക്കാവുന്നതാണ്. ഹർത്താൽ, പൊതു അവധി എന്നിവയാലോ മറ്റേതെങ്കിലും കാരണത്താലോ ടെണ്ടർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ ടി ടെണ്ടർ നടത്തുന്നതാണ് .

## ഇ--ടെൻഡർ/ സീൽഡ് ടെണ്ടർ നിബന്ധനകൾ

1. ഇ-ടെൻഡർ/സീൽഡ് ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള ടെൻഡർ ഫോം ഒന്നിന് 118/- രൂപയും നിരതദ്രവ്യം 20000/-രൂപയുമാണ് .
2. ഇ-ടെൻഡറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇ-ടെൻഡർ വ്യവസ്ഥകൾ ഇ-പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും, വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെൻഡർ കണ്ടിഷനും, മാനേജിങ്ങ് ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാ, കോട്ടയം എന്ന പേരിൽ എടുത്ത ഡിമാൻഡ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയും, ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പിയും ടെണ്ടർ ഫോമിനുള്ള വിലയും (Rs.118/-) അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. ഡിമാൻഡ് ഡ്രാഫ്റ്റ് സംബന്ധിച്ച വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്ന ടെൻഡർ വ്യവസ്ഥകളിൽ കൃത്യമായി ചേർക്കാത്ത പക്ഷം ടി ടെൻഡർ നിരാകരിക്കുന്നതാണ്. ഒറിജിനൽ ഡിമാൻഡ് ഡ്രാഫ്റ്റും, ടെണ്ടർ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെണ്ടർ കണ്ടീഷനും, തിരിച്ചറിയൽ രേഖ, പാൻ കാർഡ് എന്നിവയുടെ പകർപ്പുകളും അടങ്ങുന്ന കവർ ഒട്ടിച്ച് കവറിന് മുകളിൽ "കൊടുമൺ ഫാക്ടറിയിലെ ഉപയോഗശൂന്യമായ സാധനങ്ങളുടെ വില്പനയ്ക്കുള്ള ഇ-ടെണ്ടർ " എന്ന ശീർഷകത്തിൽ കരാറുകാരന്റെ പേരും മേൽവിലാസവും എഴുതി 31/12/2024 2:30 പി.എം-നു മുൻപായി പി സി കെ ഹെഡ് ഓഫീസ് വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.
3. ഇ-ടെണ്ടർ അല്ലാതെ സീൽഡ് ടെണ്ടർ മുഖാന്തരം പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നേരിട്ട് 118/-രൂപ അടച്ച്, കോർപ്പറേഷന്റെ കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നോ കൊടുമൺ ഫാക്ടറിയിൽ നിന്നോ 30/12/2024, 02:30 പി.എം-ന് മുൻപായി ടെണ്ടർ ഫോം വാങ്ങേണ്ടതും ടെണ്ടർ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെണ്ടർ കണ്ടീഷനും, തിരിച്ചറിയൽ രേഖ, പാൻ കാർഡ് എന്നിവയുടെ പകർപ്പുകളും അടങ്ങുന്ന കവർ ഒട്ടിച്ച് കവറിന് മുകളിൽ " **കൊടുമൺ ഫാക്ടറിയിലെ**

**ഉപയോഗശൂന്യമായ സാധനങ്ങളുടെ വില്പനയ്ക്കുള്ള സീൽഡ് ടെണ്ടർ** " എന്ന ശീർഷകത്തിൽ കരാറുകാരന്റെ പേരും മേൽവിലാസവും എഴുതി 30/12/2024 2:30 പി.എം-ന മുൻപായി കൊടുമൺ ഫാക്ടറിയിൽ നല്കിയിരിക്കേണ്ടതാണ്. നിരതദ്രവ്യമായ തുക കൊടുമൺ ഫാക്ടറി ബാങ്ക് അക്കൗണ്ടിൽ മാറത്തക്ക വിധം ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ RTGS/NEFT/Electronic Payments മുഖാന്തിരമോ 30/12/2024-ന് മുൻപായി അടച്ചിരിക്കേണ്ടതും ആയതിന്റെ രേഖ ടെൻഡറിനൊപ്പം സമർപ്പിക്കേണ്ടതുമാണ്.

4. ടെണ്ടറിൽ പങ്കെടുക്കുന്നവർ കൊടുമൺ എസ്റ്റേറ്റിലെ പഴയതും പുതിയതുമായ ഫാക്ടറികളിൽ സൂക്ഷിച്ചിരിക്കുന്ന ഉപയോഗ ശൂന്യമായ സാധന-സാമഗ്രികൾ ഫാക്ടറി മാനേജരുടെ അനുമതിയോടെ നേരിട്ട് കണ്ട് ബോധ്യപ്പെട്ടതിനു ശേഷം മാത്രം ടെണ്ടർ സമർപ്പിക്കാവുന്നതും, ടെണ്ടർ സമർപ്പിച്ചതിനു ശേഷം ഉന്നയിക്കുന്ന യാതൊരു അവകാശ വാദങ്ങളും പരിഗണിക്കുന്നതല്ലാത്തതുമാകുന്നു.
5. **ടെണ്ടറിൽ ലോട്ട്-I പ്രകാരമുള്ള സാധനങ്ങൾക്ക് ഓരോന്നിനുമുള്ള വിലയും ലോട്ട്-II പ്രകാരമുള്ളവയ്ക്ക് ഒരു മീറ്ററിന് നൽകാവുന്ന വിലയും ലോട്ട് – III പ്രകാരമുള്ളവയ്ക്ക് ഒരു കിലോഗ്രാമിന് നൽകാവുന്ന വിലയുമാണ് രേഖപ്പെടുത്തേണ്ടത്. ഇപ്രകാരമുള്ള നിരക്കുകൾ നിശ്ചിത മാതൃകയിൽ രേഖപ്പെടുത്തി ഓരോ ലോട്ടിനും ടെണ്ടറുകാരന്റെ മേൽവിലാസത്തോടു കൂടിയ പ്രത്യേകം പ്രത്യേകം കവറുകളിൽ നൽകേണ്ടതാകുന്നു. കവറിൻമേൽ കൊടുമൺ ഫാക്ടറി – ഉപയോഗശൂന്യമായ സാധനങ്ങളുടെ വിൽപനയ്ക്കുള്ള ടെണ്ടർ – എന്ന ശീർഷകവും ആയതിൽ ലോട്ട് നമ്പറും കൃത്യമായി രേഖപ്പെടുത്തിയിരിക്കേണ്ടതുമാകുന്നു. വിലയ്ക്ക് പുറമെ നിയമാനുസൃതമായ നികുതികളും അടയ്ക്കുന്നതിന് കരാറുകാരന് ബാധ്യത ഉണ്ടായിരിക്കുന്നതാണ്.**
6. യാതൊരു കാരണവും കാണിക്കാതെ നിരക്കുകൾ അംഗീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഉള്ള പൂർണ്ണമായ അധികാരം കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.
7. ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്ത് ടെണ്ടർ സമർപ്പിച്ചാലും ടി തുക ന്യായ യുക്തമല്ലെന്ന് കണ്ട് ടി വാഗ്ദാനം അംഗീകരിക്കാതിരിക്കുന്നതിന് കോർപറേഷന് അവകാശം ഉണ്ടായിരിക്കും. ഇപ്രകാരം കോർപ്പറേഷൻ അംഗീകരിക്കാതെ വന്നാൽ പ്രസ്തുത വ്യക്തിക്ക് ടിയാൻ അടച്ച നിരതദ്രവ്യം പലിശരഹിതമായി മടക്കി നൽകുന്നതുമാണ്.
8. ടെണ്ടർ സ്ഥിരീകരണം സംബന്ധിച്ച് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറുടെ അംഗീകാരം ലഭിച്ച ശേഷം പ്രസ്തുത ടെണ്ടർ സമർപ്പിച്ച വ്യക്തിയെ രേഖാമൂലം അറിയിക്കുന്നതും, അങ്ങനെ ടെണ്ടർ സ്ഥിരീകരണത്തിന്റെ തീയതി മുതൽ 2 ദിവസങ്ങൾക്കകം മൊത്തം തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റായും (നിരതദ്രവ്യമടക്കം) കൂടാതെ മൊത്തം ടെണ്ടർ തുകയുടെ 50% അഡ്വാൻസും ബാധകമായ നികുതിയും ചേർത്ത് കൊടുമൺ ഫാക്ടറി ബാങ്ക് അക്കൗണ്ടിൽ അടയ്ക്കേണ്ടതാണ്.
9. ടെൻഡർ സ്ഥിരീകരണത്തിന്റെ തീയ്യതി മുതൽ 2 ദിവസത്തിനുള്ളിൽ വ്യവസ്ഥകൾ അനുസരിച്ചുള്ള തുകകൾ യഥാസമയം അടച്ച് സ്വന്തം ചെലവിൽ കൊടുമൺ ഫാക്ടറി മാനേജരുമായി ഇതനുസരിച്ചുള്ള ഉടമ്പടി 200/- രൂപ കേരള ഗവൺമെന്റ് വക മുദ്രപത്രത്തിൽ വയ്ക്കേണ്ടതാണ്. അതിൽ വീഴ്ച വരുത്തുന്ന പക്ഷം ടെണ്ടർ അസ്ഥിരപ്പെടുത്തുന്നതും, സ്ഥിരീകരണ ഉത്തരവ് റദ്ദാക്കുന്നതും കോർപ്പറേഷനിൽ പ്രസ്തുത വ്യക്തി അടച്ചിട്ടുള്ളതായ എല്ലാ തുകകളും കണ്ടുകെട്ടി കോർപ്പറേഷന്റെ ഖജനാവിലേക്ക് മുതൽ കൂട്ടുന്നതുമാണ്. ഇതുമൂലം കോർപ്പറേഷനുണ്ടാകാവുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങൾക്കും പ്രസ്തുത വ്യക്തി ഉത്തരവാദിയായിരിക്കുന്നതും ആയത് 18% പലിശ സഹിതം ടിയാനിൽ നിന്നും ഈടാക്കിയെടുക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതും കൂടാതെ അയാളെ

കോർപ്പറേഷന്റെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതും അയാൾക്ക് കോർപ്പറേഷന്റെ പിന്നീടുള്ള ടെണ്ടറുകളിൽ പങ്കെടുക്കുവാൻ സാധിക്കാതെ വരുന്നതുമാണ്.

10. ഇ-ടെണ്ടറിലും സീൽഡ് ടെണ്ടറിലും രേഖപ്പെടുത്തിയിട്ടുള്ള തുകകളിൽ ഏതാണോ കൂടുതൽ അതായിരിക്കും ടെണ്ടർ ഉറപ്പിക്കുന്നതിനായി പരിഗണിക്കുക. ഏറ്റവും കൂടിയ തുകയ്ക്ക് ടെണ്ടർ സമർപ്പിച്ച വ്യക്തിയ്ക്ക് കോർപ്പറേഷൻ അന്തിമ തീരുമാനമെടുക്കുന്നത് വരെ സ്വമേധയാ അത് പിൻവലിക്കുവാൻ പാടുള്ളതല്ല. അഥവാ, പ്രസ്തുത വ്യക്തി അപ്രകാരം പിൻവലിക്കുകയോ വകുപ്പ് 9 അനുസരിച്ചുള്ള തുക അടയ്ക്കാതിരിക്കുകയോ ചെയ്താൽ അയാൾ വകുപ്പ് 1 അനുസരിച്ച് അടച്ചിട്ടുള്ള നിരതദ്രവ്യം കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുവാനും അപ്രകാരം സംഭവിക്കുന്ന പക്ഷം യുക്തമായ തീരുമാനമെടുക്കുന്നതിനും കോർപ്പറേഷന് പൂർണ്ണ അധികാരമുള്ളതുമാകുന്നു.
11. ടെണ്ടർ ഉറപ്പിച്ച് കിട്ടുന്ന വ്യക്തി വാഗ്ദാനം ചെയ്തിട്ടുള്ള തുകയുടെ 50% മുൻകൂറായി സ്ഥിരീകരണ തിയതി മുതൽ 2 ദിവസങ്ങൾക്കകവും, ശേഷിക്കുന്ന തുക നിയമാനുസൃത നികുതികളടക്കം സ്ഥിരീകരണ തിയതി മുതൽ 10 ദിവസങ്ങൾക്കകവും അടച്ചതിനു ശേഷം 20 ദിവസങ്ങൾക്കകം ടിയാൾക്ക് ഉറപ്പിച്ച കൊടുത്ത മുഴുവൻ സാധനങ്ങളും സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ സ്ഥിരീകരണ തീയതി മുതൽ 30 ദിവസങ്ങൾക്കകം കരാർ പ്രകാരമുള്ള സാധനങ്ങൾ നീക്കം ചെയ്യാതിരുന്നാൽ ദിവസം ഒന്നിന് 250/- രൂപ പിഴ ഈടാക്കി പരമാവധി 15 ദിവസത്തേക്ക് കൂടി സമയം നീട്ടി നൽകുന്നതിന് മാനേജിംഗ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
12. ഏതെങ്കിലും കാരണവശാൽ ടെണ്ടർ ഉറപ്പിച്ച കിട്ടുന്നയാൾ പണം അടച്ചതിനു ശേഷം നിർദ്ദിഷ്ട സമയത്ത് സാധനങ്ങൾ നീക്കം ചെയ്യാതിരുന്നാൽ കരാറുകാരന്റെ നിരതദ്രവ്യം, സെക്യൂരിറ്റി തുക, അടച്ചിട്ടുള്ളതായ മറ്റ് എല്ലാ തുകകളും കോർപ്പറേഷനിലേക്ക് കണ്ടുകെട്ടുന്നതും കരാർ റദ്ദ് ചെയ്യുന്നതും അത് കൂടാതെ വീഴ്ച വരുത്തിയ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മേൽ നടപടികൾ സ്വീകരിക്കുവാൻ കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതുമാണ്. തന്മൂലം ഉണ്ടാകാവുന്ന ചെലവുകളും നഷ്ടവും കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് കോർപ്പറേഷന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.
13. കൊട്ടമൺ ഫാക്ടറി മാനേജർക്കും അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥന്മാർക്കും കരാറുകാരൻ, ടിയാന്റെ ഏജന്റ്, ടിയാന്റെ തൊഴിലാളികൾ, കരാറുകാരന്റെ വാഹനങ്ങൾ മുതലായവ നിയന്ത്രിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
14. കരാറുകാരനോ, ഏജന്റോ ഉപയോഗശൂന്യമായ സാധനങ്ങൾ നീക്കം ചെയ്യുന്ന സമയത്ത് ഫാക്ടറി മാനേജരിൽ നിന്നും പാസ് വാങ്ങിയിരിക്കേണ്ടതാണ്. സെക്യൂരിറ്റി പരിശോധനയ്ക്ക് വിധേയമായി മാത്രമേ ടി സാധനങ്ങൾ ഫാക്ടറിക്ക് വെളിയിൽ കൊണ്ടുപോകുന്നതിന് അനുവാദമുണ്ടായിരിക്കുകയുള്ളൂ.
15. വ്യവസ്ഥ 8 പ്രകാരമുള്ള സെക്യൂരിറ്റി തുക കരാറുകാരൻ തനിക്ക് ലഭിച്ചിട്ടുള്ള സാധനങ്ങൾ വിലയടച്ച് നീക്കം ചെയ്തതിനു ശേഷം മറ്റ് ബാധ്യതകൾ ഒന്നുമില്ല എന്നുള്ള യൂണിറ്റ് മാനേജരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പലിശരഹിതമായി തിരികെ നൽകുന്നതാണ്.
16. കരാറുകാരനിൽ നിന്നോ ടിയാളുകളുടെ തൊഴിലാളികളിൽ നിന്നോ ഫാക്ടറിയുടെ സുഗമമായ പ്രവർത്തനത്തിന് യാതൊരു തടസ്സവും ഉണ്ടാകുവാൻ പാടില്ല.
17. ടെണ്ടർ ഉറപ്പിച്ച കൊടുക്കുന്ന സാധനങ്ങളല്ലാതെ മറ്റു യാതൊരുവിധ സാധനങ്ങളും കരാറുകാരൻ ഫാക്ടറി പരിസരങ്ങളിൽ നിന്ന് എടുക്കുവാനോ, കൊണ്ടുപോകാനോ പാടില്ല. വിപരീതമായി പ്രവർത്തിച്ചാൽ അനധികൃത കൈവശപ്പെടുത്തലായി കണക്കാക്കുന്നതും നിയമനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

18. കരാർ പ്രകാരമുള്ള സാധനങ്ങൾ നീക്കം ചെയ്യുന്നത് വഴി കോർപ്പറേഷനോ വസ്തുവകകൾക്കോ യാതൊരുവിധ നാശനഷ്ടങ്ങളും സംഭവിക്കാൻ പാടില്ലാത്തതാകുന്നു. സംഭവിക്കുന്ന പക്ഷം കോർപ്പറേഷൻ നിശ്ചയിക്കുന്ന നഷ്ടപരിഹാരം അന്തിമമായിരിക്കുന്നതും, ആയത് നൽകുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കുന്നതുമാണ്.
19. കോർപ്പറേഷന്റെ നിലവിലുള്ള എല്ലാ ടെണ്ടർ പൊതു വ്യവസ്ഥകളും ഈ ടെണ്ടറിനും ബാധകമാണ്.
20. ജോലിക്കിടയിലോ അല്ലാതെയോ കരാറുകാരനോ കരാറുകാരന്റെ തൊഴിലാളികൾക്കോ ഉണ്ടാകുന്ന അപകടങ്ങൾക്ക് കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി. കോർപ്പറേഷനിൽ നിന്നും യാതൊരു നഷ്ടപരിഹാരവും ലഭിക്കുന്നതല്ല.
21. കരാർകാലാവധിക്കിടയിൽ എസ്റ്റേറ്റിനുള്ളിലോ, പരിസരങ്ങളിലോ കരാറുകാരനോ കരാറുകാരന്റെ ജോലിക്കാരനോ യാതൊരുവിധ നിയമവിരുദ്ധ പ്രവർത്തികളിലും ഏർപ്പെടുകയോ, ആയതിന് സഹായിക്കുകയോ ചെയ്യാൻ പാടില്ല. വിപരീതമായി പ്രവർത്തിച്ചാൽ കരാർ ഉടമ്പടി റദ്ദു ചെയ്യുന്നതും, ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം നടത്തി വിൽപ്പന ചെയ്യുന്നതിന് കോർപറേഷന് അവകാശമുണ്ടായിരിക്കുന്നതുമാണ്. പുനർലേലം നടത്തുന്നതിനുള്ള എല്ലാ ചെലവുകളും കരാറുകാരനിൽ നിന്നും ഈടാക്കി എടുക്കുന്നതിന് കോർപറേഷന് അവകാശമുണ്ടായിരിക്കുന്നതുമാണ്.
22. ഇ-ടെൻഡർ/സീൽഡ് ടെൻഡർ സ്വീകരിക്കുന്നതായ അവസാന തീയതിയിൽ വില്പനവില നിശ്ചയിക്കുന്നതിന് പര്യാപ്തമായ എണ്ണം ടെൻഡറുകൾ ലഭിച്ചിട്ടില്ലാത്ത പക്ഷം ആവശ്യമെങ്കിൽ ടെൻഡർ തിയതി ദീർഘിപ്പിക്കുന്നതിന് മാനേജിംഗ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ, ലഭിച്ചിട്ടുള്ളതായ ടെൻഡറുകൾ തുറക്കുന്നതല്ലാത്തതും ടെൻഡർ നൽകിയിട്ടുള്ളവർക്ക് ആവശ്യമെങ്കിൽ പുതുക്കിയ വാഗ്ദാനം നൽകുന്നതിന് അനുവദിക്കുന്നതുമാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ, ഏറ്റവും കൂടിയവ മാത്രമായിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.
23. ദർഘാസുകൾ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം, സമയം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| Tendar Type | Submission date & time | Opening date & time |
|---|---|---|
| Sealed Tendar | 30/12/2024 2:30 pm | 30/12/2024 3:00 pm |
| E-Tendar | 30/12/2024 2:30 pm | 31/12/2024 3:00 pm |

പ്ലാൻറേഷൻ കോർപ്പറേഷനുവേണ്ടി,

**മാനേജിംഗ് ഡയറക്ടർ**

മേൽ വ്യവസ്ഥകൾ വായിച്ചു നോക്കി

പൂർണ്ണമായും അംഗീകരിച്ചിരിക്കുന്നു.

ഒപ്പ്

തീയതി

പേര്

മേൽ വിലാസം, കര, വില്ലേജ്, താലൂക്ക്, ജില്ല

# <u>സമ്മതപത്രം</u>

**പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**
**CIN No: UO1119KL1962SGC001997**
**കോട്ടയം - 686004**

സ്ഥലം :

തീയതി :

## <u>സമ്മതപത്രം</u>

പ്ലാന്റേഷൻ കോർപ്പറേഷന്റെ കൊടുമൺ എസ്റ്റേറ്റിലെ പഴയതും പുതിയതുമായ ഫാക്ടറികളിൽ സൂക്ഷിച്ചിരിക്കുന്ന ഉപയോഗശൂന്യമായ സാധന - സാമഗ്രികളുടെ വിൽപ്പന നടത്തുന്നതുമായി ബന്ധപ്പെട്ട **ഇ-ദർഘാസ്/ സീൽഡ് ടെണ്ടർ** വ്യവസ്ഥകൾ ഇന്നേദിവസം കൈപ്പറ്റിയിരിക്കുന്നു. ടി വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, ആയത് ഞാൻ അനുസരിക്കുന്നതുമായിരിക്കുമെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

പേര്

തപാൽ മേൽവിലാസം

കര

വില്ലേജ്

**താലൂക്ക്**

ജില്ല

പിൻകോഡ്

ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ)
ലാന്റ് നമ്പർ :
മൊബൈൽ നമ്പർ :

**ഒപ്പ്**

# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

രജി. ഓഫീസ് – കോട്ടയം – 686 004

ഇ-ദർഘാസ്/ സീൽഡ് ടെണ്ടർ

പ്ലാന്റേഷൻ കോർപ്പറേഷൻ കൊടുമൺ ഗ്രൂപ്പിന് കീഴിലുള്ള പഴയതും പുതിയതുമായ ഫാക്ടറികളിൽ സൂക്ഷിച്ചിരിക്കുന്ന ഉപയോഗശൂന്യമായ സാധനങ്ങളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട വിവരങ്ങൾ മൂന്ന് ലോട്ടുകളായി തിരിച്ച് ചുവടെ ചേർക്കുന്നു.

| LIST OF UNSERVICEABLE ITEMS - LOT I (Nos.) | | | | | |
|---|---|---|---|---|---|
| **Sl. No** | **Item** | **Item No.** | **Unit** | **Quantity** | **Quoted Rate** |
| 1 | Welding set | Mech-3 | No. | 1 | |
| 2 | Electric motor (1 Hp single phase motor | Mech-5 | No. | 1 | |
| 3 | Motor (0.5 Hp) | Mech-14 | No. | 1 | |
| 4 | Pedestal fan | Offc-16 | No. | 1 | |
| 5 | Ceiling fan | Offc-19<br>Offc-23 | No. | 2 | |
| 6 | Main Switch Fuse | Ele-1 | No. | 2 | |
| 7 | Star delta Starter (Case Only) | Ele-2 | No. | 4 | |
| **Sl. No** | **item** | **HP** | **Unit** | **Quantity** | **Quoted Rate** |
| 8 | Motor - Crompton greaves | 0.5 | No. | 1 | |
| 9 | Motor - Kirloskar | 2 | No. | 4 | |
| 10 | Motor with pump (Old factory pump house) - Kirloskar | 10 | No. | 1 | |
| **Sl. No** | **Item** | **Specification** | **Unit** | **Quantity** | **Quoted Rate** |
| 11 | Electrical panel board Box | 5’’× 3” | No. | 1 | |
| 12 | Electrical Panel board | 15.5” ×5” | No. | 1 | |
| 13 | Electrical panel board | 3”×4” | No. | 1 | |
| 14 | Electrical panel board | 4” ×3” | No. | 1 | |
| 15 | Electrical panel board | 9” ×4” | No. | 1 | |
| 16 | Electrical panel board | 13.5”×4” | No. | 1 | |
| 17 | Electrical panel board | 7” ×4” | No. | 1 | |
| 18 | Electrical panel board | 4” ×3” | No. | 2 | |
| 19 | Electrical panel board | 5” ×3” | No. | 2 | |
| 20 | Starter Electrical box | 2.5”×1” | No. | 10 | |
| 21 | ETP Section Panel board | 5”×4” | No. | 1 | |

**LIST OF UNSERVICEABLE ITEMS - LOT II (Meter)**

| Cable | | | | | |
|---|---|---|---|---|---|
| **Sl. No** | **Item** | **Specification** | **Unit** | **Quantity** | **Quoted Rate (Meter)** |
| 1 | Aluminum Cable (Main panel board II to Drier I ) | 3.5×400 Sq mm | Meter | 85 | |
| 2 | Aluminum Cable (2 Nos ) (Main panel board III to Creeper Roller I) | 3.5 ×150 Sq mm | Meter | 85 | |
| 3 | Aluminum Cable (Main panel board III to C F section) | 3.5×150 Sq mm | Meter | 50 | |
| 4 | Aluminum Cable(Generator to Main Panel Boaed) | 3.5 ×400 Sq mm | Meter | 15 | |
| 5 | Aluminum Cable (Main panel board to Drier II ) (2 Nos) | 3.5× 250 Sq mm | Meter | 15 | |
| 6 | Aluminum Cable (Transformer Cable) (6 Nos) | 3.5 ×150 Sq mm | Meter | 26 | |

| LIST OF UNSERVICEABLE ITEMS - LOT III (Kg.) | | | | | |
|---|---|---|---|---|---|
| **Sl. No** | **Particulars of stores** | **Item No.** | **Unit** | **Quantity** | **Quoted Rate (Kg)** |
| 1 | Metal Scrap (old Factory) | | Kg. | 2000 Kg (Aprox) | |
| 2 | Metal scrap New Fcatory - kirloskar | | Kg. | 2000 Kg (Aprox) | |
| 3 | Compressor tank | Mech-1 | No. | 1 | |
| 4 | Tyre disc | Mech-4 | No. | 13 | |
| 5 | Gear Reducer | Mech-6 | No. | 1 | |
| 6 | Tractor Axle | Mech-11(i) | No. | 2 | |
| | | Mech-11(ii) | | | |
| 7 | Cultivator | Mech-17 | No. | 1 | |
| 8 | DDR Assembly (vehicle) | Mech-20 | No. | 1 | |
| 9 | Machine cover | Offc-13 | No. | 1 | |
| 10 | Fire Extinguisher | Eng-4(1-3) | No. | 10 | |
| | | Offc-14(1-7) | | | |
| 11 | Drilling Machine Body | Offc-21 | No. | 1 | |
| 12 | Lab equipments | Lab-3 | No. | 4 | |
| 13 | BOD Incubator - 2 in RB letter | Lab-1 | No. | 1 | |
| **Sl. No** | **Item** | **Serial No.** | **Unit** | **Quantity** | **Quoted Rate** |
| 14 | Bowl set (with Bowl disc) (westfalia) | 1727-407 | No. | 1 | |
| 15 | Cracked Bowl disc (Westfalia) | | No. | 200 | |
| **Sl. No** | **Item** | **HP** | **Unit** | **Quantity** | **Quoted Rate** |
| 16 | Pump casing - kirloskar | 2 | No. | 9 | |
| 17 | Pump casing with impeller and shaft - kirloskar | 5 | No. | 4 | |
| 18 | Pump casing | 5 | No. | 1 | |